'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2733 — 06.11.2019 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം നേരിട്ടവർക്കു നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടതിന് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല. കൂരാച്ചുണ്ട് പഞ്ചായത്തിൽ പരിക്കേറ്റതിന് നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നഷ്ട പരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽ നിന്നും പരിക്കേറ്റതിന് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഈ പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ എത്രപേരുടെ അപേക്ഷ തീർപ്പാക്കാനുണ്ട് എന്ന് അറിയിക്കാമോ; | (ബി) | കൂരാച്ചുണ്ട് പഞ്ചായത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ ചുവടെ പറയുന്ന 4 പേരുടെ അപേക്ഷ തീർപ്പാക്കാനുണ്ട്.<br>1. ശ്രീ.കുര്യാക്കോസ്.<br>2. ശ്രീമതി.ജലജാ ബെന്നി,<br>3. ശ്രീമതി.സാലമ്മ ഷാജു,<br>4. ശ്രീമതി.അശ്വതി സന്തോഷ് |
| (സി) | ഈ അപേക്ഷകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ചികിത്സാ ചെലവുകൾ സംബന്ധിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമായ അപേക്ഷകളിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ